പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2225 10.10.2011- ലെ മറുപടി

## കംഫർട്ട് സ്റ്റേഷനുകൾ തുറന്നുകൊടുക്കാൻ നടപടി

ചോദ്യം ഉത്തരം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാൻഡുകളിൽ ഭൂരിപക്ഷം മൂത്രപ്പുരകളും കംഫർട്ട് സ്റ്റേഷനുകളും താഴിട്ടു പൂട്ടി യാത്രക്കാർക്ക് വിലക്കേർപ്പെടുത്തിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | വൈക്കം, അടൂർ, പത്തനാപുരം എന്നീ ബസ് സ്റ്റേഷനുകളിലെ മൂത്രപ്പുര / കംഫർട്ട് സ്റ്റേഷൻ താഴിട്ട് പൂട്ടിയിട്ടിരിക്കുകയാണ്. |
| (ബി) | എങ്കിൽ ഇതുമൂലം പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് യാത്രക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | മേൽ സൂചിപ്പിച്ചിട്ടുള്ള ബസ് സ്റ്റേഷനുകളിൽ യാത്രക്കാർ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് പ്രയാസങ്ങൾ അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ബഹു ഭൂരിപക്ഷം ബസ്സ് സ്റ്റാന്റുകളിലും ഒരേ സമയം ഇവ അടച്ചുപൂട്ടാനുണ്ടായ സാഹചര്യം പരിശോധിക്കുമോ ; | (സി) | സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണങ്ങളാലാണ് ബസ് സ്റ്റേഷനുകളിൽ മൂത്രപ്പുര / കംഫർട്ട് സ്റ്റേഷനുകൾ അടച്ചിടേണ്ട സാഹചര്യമുണ്ടായത്. |
| (ഡി) | ഇവ എത്രയും വേഗം യാത്രക്കാർക്ക് തുറന്നുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | (ഡി) | നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | അറ്റകുറ്റപ്പണികൾ ആവശ്യമുള്ളിടത്ത് അവ ചെയ്യുന്നതിന് നിർദ്ദേശം കൊടുക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഇ) | അറ്റകുറ്റപണികൾ ആവശ്യമുള്ളയിടത്ത് അവ ചെയ്യുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ